## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 203

12/06/2018-ൽ മറുപടിയ്ക്ക്

## കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. പി. ഉണ്ണി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കെടുകാര്യസ്ഥത കൊണ്ടും അഴിമതി കൊണ്ടും പ്രതിസന്ധി നേരിട്ടിരുന്ന സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും കരകയറ്റാനായി ഈ സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലമായി ഉണ്ടായ പ്രവർത്തനനേട്ടം അറിയിക്കാമോ; | (എ) | സംസ്ഥാന സഹകരണ ബാങ്കിന്റെയും എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടുവരുന്നതിന് ബാങ്കുകളിൽ പ്രത്യേകം നോഡൽ ആഫീസർമാരെ ചുമതലപ്പെടുത്തുകയും, ബാങ്കുകളിൽ പ്രത്യേകമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി ഇളവുകളോടെ കുടിശ്ശിക വായ്പ തീർപ്പാക്കുന്നതിന് വായ്പാക്കാർക്ക് അവസരം നൽകിയും, പാവപ്പെട്ടവർക്കും മാരകരോഗം ബാധിച്ചവർക്കും വായ്പ തിരിച്ചടവിന് ഇളവുകൾ നൽകിയും ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്വർണ്ണ പണ്ടം പണയത്തിന്മേൽ പരിശോധനകൾ കർശനമായി നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുള്ള ഇടപെടലുകളുടെ ഫലമായി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഒഴികെ ബാങ്കുകളുടെ പ്രവർത്തന ലാഭം വർദ്ധിപ്പിക്കുന്നതിനും NPA വായ്പകൾ കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് അഡീഷണൽ ആതറൈസേഷൻ മുഖേന 22 കോടി രൂപ സർക്കാർ ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിൽ കിട്ടാക്കടമായി നിന്നിരുന്ന കൺസ്യൂമർ ഫെഡിന്റെ 94.89 കോടി രൂപ 09.02.2017 ൽ സർക്കാരിന്റെ ഇടപെടൽ മുഖാന്തിരം 8.38 കോടി രൂപ ഇളവ് നൽകി ക്ലോസ് ചെയ്തത് ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 67.29 കോടി രൂപയോളം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.<br>ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 10.00 കോടി രൂപ NUALS എന്ന സ്ഥാപനത്തിന് അനുവദിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ടി തുകയ്ക്ക് ആനുപാതികമായി കുറച്ചുകൊണ്ടുവരുവാനും സാധിച്ചിട്ടുണ്ട്. ടി നടപടികൾകൊണ്ട് സംസ്ഥാന |

| | | | |
|---|---|---|---|
| | | | സഹകരണ ബാങ്കിന്റെ അറ്റനഷ്ടം പരമാവധി കുറച്ചുകൊണ്ടു വരുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>കൊച്ചി മെഡിക്കൽ കോളേജിന്റെ ആസ്തി ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തതിനാൽ CAPE ന്റെ പേരിൽ എറണാകുളം ജില്ലാ ബാങ്കിലുള്ള വായ്പാ ബാധ്യത അടച്ചു തീർക്കുന്നതിന്റെ ഭാഗമായി ആദ്യ ഗഡുവായി 14.07.2017 ൽ 25 കോടി രൂപ ബാങ്കിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ 31/03/2018 ൽ 58.67 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ; | (ബി) | കുടിശ്ശിക വായ്പകളുടെ തിരിച്ചടവിനായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതിന്റെയും, ബാങ്കുകളുടെ ശ്രമഫലമായും സംസ്ഥാന സഹകരണ ബാങ്കിന്റെയും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള മറ്റ് ജില്ലാ സഹകരണ ബാങ്കുകളുടെയും നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. നടപടികൾ തുടർന്ന് വരുകയുമാണ്. |
| | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചു കൊണ്ടുള്ള കേരള ബാങ്ക് രൂപീകരണത്തിന് നബാർഡ് എന്തെങ്കിലും ഉപാധികൾ വച്ചിട്ടുണ്ടോ; റിസർവ് ബാങ്കിന്റെ അനുമതി നേടിയെടുക്കാനുള്ള പരിശ്രമത്തിന്റെ പുരോഗതി അറിയിക്കാമോ? | | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് ഉപാധികൾ വെച്ചിട്ടുള്ളതായി നബാർഡിൽ നിന്ന് യാതൊരു അറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല.<br><br>സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ റിസർവ്വ് ബാങ്കിൽ സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ടിട്ടുള്ള താഴെ പറയുന്ന മറ്റ് നടപടികളും തുടർന്ന് വരുന്നു.<br>1) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചു വരുന്നു.<br>2) 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>3) 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത |

| | | | |
|---|---|---|---|
| | | | സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിനുവേണ്ടി Solution Provider റെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>4) കേരള സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരെ ഈ മാറ്റത്തിന് തയ്യാറെടുപ്പിക്കുന്നതിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 200 ഓളം ഉന്നത ഉദ്യോഗസ്ഥന്മാർക്ക് മാനേജ്മെന്റ് മാറ്റത്തെക്കുറിച്ചും ബിഹേവിയറൽ സയൻസിനെക്കുറിച്ചും ഒരാഴ്ച നീണ്ടു നൽകുന്ന പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ബാങ്കിലെ ജീവനക്കാരുടെ ഏകീകരണം, അവരുടെ സേവന വേതന വ്യവസ്ഥകൾ, മാനവ വിഭവ ശേഷിയുമായി ബന്ധപ്പെട്ട് മറ്റു നയപരമായ രേഖകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.<br>5) സഹകരണ മേഖലയിൽ രൂപീകൃതമാകുന്ന ആധുനിക സാങ്കേതികവിദ്യയിലൂന്നിയ പുതിയ ബാങ്കിന്റെ രൂപഘടന, അതു നൽകാനുദ്ദേശിക്കുന്ന ബാങ്കിംഗ് സൗകര്യങ്ങളും സേവനങ്ങളും എങ്ങനെയുള്ളതായിരിക്കണം എന്നിവയെക്കുറിച്ച് രൂപകൽപ്പന ചെയ്യുന്നതിന് വേണ്ടി ഈ മേഖലയിലെ വിദഗ്ധരുമായി കൂടിക്കാഴ്ചകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ